# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം. 0471 2317983 ഫാക്സ് 0471 2310192 ഇ-മെയിൽ : travancoredevaswom2011@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം
10/02/2015

ROC No. 5600 /15/Est-I

## സർക്കുലർ

വിഷയം :- ജീവനക്കാരുടെ സ്ഥലംമാറ്റം – ശിക്ഷണ നടപടികൾക്ക് വിധേയരാകുന്നവരുടെ അപേക്ഷ പരിഗണിക്കുന്ന സംഗതി – മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

അച്ചടക്ക നടപടികളുടെ ഭാഗമായി വിദൂര സ്ഥലങ്ങളിൽ മാറ്റി നിയമിക്ക പ്പെടുന്ന എസ്റ്റാബ്ലിഷ്മെന്റ്/ക്ഷേത്ര ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്നതിന് മാനദണ്ഡം ഒന്നുംതന്നെ ഇപ്പോൾ നിലവിലില്ല. അതിനാൽ ഇപ്രകാരം മാറ്റപ്പെടുന്ന പല ജീവനക്കാർക്കും അധികം വൈകാതെ തന്നെ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ സ്ഥലംമാറ്റങ്ങൾ ലഭിച്ചുവരുന്നു. എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽപ്പെട്ടവർ ബോർഡ് ആസ്ഥാനത്തുള്ള സുപ്രധാന ആഫീസുകളിൽപോലും ഇങ്ങനെമാറ്റി നിയമിക്കപ്പെടുന്നുണ്ട്. അതുപോലെ സസ്പെൻഷൻ അവസാനിപ്പിച്ചു ജീവനക്കാരനെ തിരികെ പ്രവേശിപ്പിക്കുന്ന സന്ദർഭ ങ്ങളിലും ആസ്ഥാനത്തുള്ള ആഫീസുകളിൽ നിയമിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

നടപടികൾക്ക് വിധേയരായി വിദൂര സ്ഥലങ്ങളിലേയ്ക്ക് നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണി ക്കുന്നതിന് അവർ മാറ്റപ്പെട്ട സ്ഥലത്ത് 3 വർഷത്തെ സർവ്വീസ് പൂർത്തീകരിച്ചിരിക്കണമെന്ന് ബോർഡ് ഉത്തരവായിരിക്കുന്നു. ഈ ഉത്തര വിന് വിരുദ്ധമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത് അച്ചടക്കരാഹിത്യമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്ന തായിരിക്കും.

സെക്രട്ടറി

പകർപ്പ് :- B&P Section

എല്ലാ ആഫീസ് മേധാവികൾക്കും

SK